**ജലസേചനവും, ഭരണവും ചീഫ് എഞ്ചീനിയറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.**

**(സാന്നിദ്ധ്യം : ശ്രീ.സി.വി. സുനിൽ കുമാർ)**

വിഷയം:–ജലസേചനം–ജീവനക്കാര്യം–താഴ്ന്ന വിഭാഗം തസ്തികകളിൽ ജോലിനോക്കുന്ന ജീവനക്കാരെ ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:1) 09/01/2014 തീയ്യതിയിലെ സ.ഉ.(സാധാ) 1/2014/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്

2) 19/07/2024 തീയ്യതിയിലെ സ.ഉ.(സാധാ) 21/2014/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്

3) ഈ ആഫീസിലെ 21/05/2024 തിയതിയിലെ ഐസി5-70544/2022 നമ്പർ ഉത്തരവ്

**ഉത്തരവ് നം. CEIA/3311/2024-B3 തീയതി17-01-2025**

സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ Cadre Strength ന്റെ 10% ൽ അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി ക്ലർക്ക് / എൽ.ഡി ടൈപ്പിസ്റ്റായി നിയമനം നൽകേണ്ടതാണെന്നും ആയതിലേയ്ക്കായി ക്ലർക്ക്/ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ആദ്യ ഒഴിവ് തസ്തികമാറ്റം വഴിയുള്ള വകുപ്പുതല നിയമനത്തിനായി മാറ്റി വയ്ക്കാനും തുടർന്ന് എൽ.ഡി ക്ലർക്ക് / എൽ.ഡി ടൈപ്പിസ്റ്റിന്റെ Cadre Strength ന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ ഈ പ്രക്രിയ തുടരണമെന്നും പരാമർശം (1) (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു.

മേൽസാഹചര്യത്തിൽ പരാമർശം (3) അന്തിമ മുൻഗണന പട്ടികയിൽ കൊല്ലം ജില്ലയിൽ (Kollam DRB) ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന ജീവനക്കാരെ പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലേയും, 1958 ലെ ഭാഗം-II, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 28(b)(ii) ലേയും വ്യവസ്ഥകൾക്ക് വിധേയമായി 26500-60700 രൂപാ (2019 ശമ്പള പരിഷ്കരണ ഉത്തരവ്) ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു:

| ക്രമ നം | പേര് ,തസ്തിക,കാര്യാലയം | പെൻ നം | നിയമനം നൽകുന്ന കാര്യാലയം |
|---|---|---|---|
| 1. | അബ്ദുൾ ലത്തീഫ് .ഐ<br>ലസ്കർ<br>ഇൻലാന്റ്നാവിഗേഷൻ സെക്ഷൻ ചവറ | 472895 | ഇൻലാന്റ്നാവിഗേഷൻ ഡിവിഷൻ കൊല്ലം |

| | | | |
|---|---|---|---|
| 2. | സുരേഷ് ബാബു.ആർ<br>ലസ്കർ<br>കെ.ഐ.പി.(ഒ&എം)സെക്ഷൻ നം.9/3,ശാസ്താംകോട്ട. | 472432 | മൈനർ ഇറിഗേഷൻ ഡിവിഷൻ കൊല്ലം |

ടി ജീവനക്കാർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ സേവനം പൂർത്തീകരിച്ച് നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്.

ടി തസ്തികമാറ്റം നിയമനം സംബന്ധിച്ച വിവരം ടി ജീവനക്കാരുടെ സേവന പുസ്തകത്തിൽ/സ്പാർക്ക് ഡേറ്റാബേസിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

ടി ജീവനക്കാരുടെ നിലവിലെ തസ്തികയിൽ നിന്നുമുള്ള വിടുതൽ, ക്ലാർക്ക് തസ്തികയിലെ ജോലിയിൽ പ്രവേശിക്കൽ വിവരങ്ങൾ അതാത് സ്ഥാപന മേധാവികൾ യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

SUNIL KUMAR C V
SENIOR ADMINISTRATIVE OFFICER

To

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ആഫീസ് മേധാവി മുഖാന്തിരം) (വകുപ്പുതല വെബ് സൈറ്റ് വഴി)
2. ബന്ധപ്പെട്ട ആഫീസ് മേധാവികൾക്ക് (വെബ് സൈറ്റ് മുഖാന്തിരം)
3. അക്കൗണ്ട്സ് സെക്ഷൻ, സി.ഇ. (ജ.ഭ.)
4. ഐ.റ്റി. സെൽ, സി.ഇ. (ജ.ഭ.)
5. കരുതൽ ഫയൽ/ആഫീസ് പകർപ്പ്

Signed by Sunilkumar C V
Date: 17-01-2025 11:43:26